# <u>ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം</u>

**ഹാജർ : യു.വി. ജോസ്. ഐ.എ.എസ്സ്. (റിട്ട.)**

വിഷയം:- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഇ-വേസ്റ്റ് സംസ്കരണ മേഖലയിൽ സഹ്യാ സൊല്യൂഷൻസ് എന്ന ഏജൻസിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-1. 31.12.2014 ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.12.2023 ലെ 6482/C4/2023/SM നമ്പർ നടപടിക്രമം

3. 13.08.2018 ൽ ചേർന്ന 29-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 3.6-ാം നമ്പർ തീരുമാനം.

4. 18-11-2023-ലെ 6479/C4/2023/SM നം. താൽപര്യപത്രം.

5. 13.02-2024 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.

നം: 6479/C4/2023/SM തീയതി: 14.03.2024

ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായിരുന്നു.

ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (2) പ്രകാരം സാങ്കേതിക സമിതി പുനർ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പരാമർശം (3) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവനദാതാക്കളെ എംപാനൽ ചെയ്യുന്നതിന്/മാലിന്യ സംസ്കരണ ഉപാധികൾ അംഗീകരിക്കുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

പരാമർശം (4) പ്രകാരം ശുചിത്വ മിഷൻ ഖരമാലിന്യ സംസ്കരണ (അജൈവം) പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ ടെക്നോളജി/പ്ലാൻ്റുകൾ സ്ഥാപിക്കുന്നതിന് യോഗ്യരായ ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള താൽപര്യപത്രം (EoI) ക്ഷണിച്ചിരുന്നു. ആയത് പ്രകാരം സഹ്യാ സൊല്യൂഷൻസ് എന്ന ഏജൻസി അപേക്ഷ സമർപ്പിച്ചിരുന്നു.

പരാമർശം (5) പ്രകാരം ചേർന്ന ശുചിത്വ മിഷൻ സാങ്കേതിക സമിതി യോഗത്തിൽ E-Waste dismantling and recycling unit മേഖലയിലേയ്ക്ക് ശുചിത്വ മിഷന്റെ അംഗീകാരം ലഭിക്കുന്നതിന് സഹ്യാ സൊല്യൂഷൻസ് എന്ന ഏജൻസി സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും, ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസി KEIL-മായി ഉണ്ടാക്കിയ കരാറിൻ്റെ പകർപ്പ് സമർപ്പിക്കുന്നതിനും ബന്ധപ്പെട്ട മേഖലയിൽ ടി ഏജൻസിക്ക് എംപാനൽ നൽകുന്നതിനും സാങ്കേതിക സമിതി നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത ഏജൻസി KEIL-മായി ഉണ്ടാക്കിയ കരാറിൻ്റെ പകർപ്പ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള **സഹ്യ സൊല്യൂഷൻസ്**, 3/310 ബഡയിൽ എസ്റ്റേറ്റ്, മേലോരം P.O, പെരുവന്താനം,

ഇടുക്കി എന്ന ഏജൻസിക്ക് ബന്ധപ്പെട്ട മേഖലകളിൽ ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസികളുടെ സേവന കാലാവധി **ഈ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക്** ആയിരിക്കും.

| Sl. No. | Name of Agency | Area Recommended |
|---|---|---|
| 1 | **Sahya Solutions**<br>3/310, Badayil Estate, Meloram<br>P.O, Peruvanthanam<br>Idukki - 685532<br>Ph: 9447930447<br>sahyakerala@gmail.com/ faisalksfaisalks@gmail.com | collection, storage, dismantling and recycling of E-Waste in DBOT mode |

**നിബന്ധനകൾ**

1. എംപാനൽമെന്റ് കാലാവധി ഈ ഉത്തരവ് തീയതി മുതൽ **മൂന്ന് വർഷത്തേയ്ക്ക്** ആയിരിക്കും. ആയതിന് ശേഷം പ്രവർത്തനകാര്യക്ഷമത വിലയിരുത്തി എംപാനൽമെന്റ് പുതുക്കി നൽകുന്നത് സംബന്ധിച്ച് കമ്മിറ്റി തീരുമാനമെടുക്കുന്നതാണ്.
2. KSPCB-യുടെ Consent to operate ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഏജൻസിക്ക് എംപാനൽമെന്റ് നൽകുന്നത്.
3. എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി തങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വമിഷനിൽ ലഭ്യമാക്കേണ്ടതാണ്.
4. അംഗീകാരം ലഭിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച സ്പെസിഫിക്കേഷൻ പ്രകാരവും, ഇ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2022 (ഭേദഗതി നിയമം), കേന്ദ്ര മലിനീകരണ നിയന്ത്ര ബോർഡിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഇ-വേസ്റ്റ് മാനേജ്മെന്റ്റൂൾസ് മായി ബന്ധപ്പെട്ട് നിലവിലുള്ളതും, കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ മാനദണ്ഡങ്ങൾ പ്രകാരം മാത്രമേ പ്രവൃത്തി നിർവ്വഹണം നടത്തുവാൻ പാടുള്ളൂ.
5. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച മാത്രമേ മാലിന്യം കൊണ്ടുപോകുവാനും, പ്രോസസ്സ് ചെയ്യുവാനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകുവാനും പാടുള്ളൂ.
6. സേവനദാതാക്കളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ,

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വമിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.

7. പ്രസ്തുത ഏജൻസി മുഖാന്തിരം പുതുതായി പ്ലാന്റുകൾ/ കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്ന പക്ഷം നിലവിലെ ഇ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് മാത്രമേ സ്ഥാപിക്കുവാൻ പാടുള്ളൂ. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതികൾ നേടിയ ശേഷം മാത്രമേ ടി പ്ലാന്റുകൾ സ്ഥാപിക്കുവാൻ പാടുള്ളൂ.

8. സേവന ദാതാക്കൾ അവർ ഏറ്റെടുക്കുന്ന (സ്ഥാപിക്കുന്ന) പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ (പ്രോജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഗുണഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ, പ്ലാന്റിന്റെ കപ്പാസിറ്റി എന്നിവ നിർബന്ധമായും രജിസ്റ്റർചെയ്ത് സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം ശുചിത്വമിഷനിൽ ഹാജരാക്കേണ്ടതുമാണ്.

9. മേൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്. ടി നിബന്ധകൾക്ക് ഉപരിയായി സേവനദാതാക്കളുടെ മാലിന്യ സംസ്കരണ സേവനം തൃപ്തികരമല്ലാത്തപക്ഷമോ, പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ ടി സേവനദാതാക്കളുടെ അംഗീകാരം പുനഃപരിശോധിക്കുന്നതിനും, യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും റദ്ദു ചെയ്യുന്നതിനും ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

10. സർക്കാർ/ശുചിത്വമിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ എല്ലാ സേവനദാതാക്കളുടെയും സഹകരണം ഉറപ്പാക്കേണ്ടതാണ്.

Sd/-
U.V Jose IAS (Retd) *
എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

സഹ്യാ സൊല്യൂഷൻസ്,
3/310, ബഡയിൽ എസ്റ്റേറ്റ്,
മേലോരം P.O, പെരുവന്താനം,
ഇടുക്കി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ഡയറക്ടർ LSGD(Urban)(അറിവിലേയ്ക്ക്)
3. ഡയറക്ടർ LSGD(Rural)(അറിവിലേയ്ക്ക്)
4. ഗ്രാവികസന കമ്മീഷണർ (അറിവിലേയ്ക്ക്)
5. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
6. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
7. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-

ഓർഡിനേറ്റർമാർ മുഖേന)
8. ബന്ധപ്പെട്ട എല്ലാ സേവന ദാതാകൾക്കും
9. കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
10. എസ്.ഐ.ആർ.ഡി, കൊട്ടരക്കര
11. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.

* This is a computer system (Digital File) generated letter. Hence there is no need for a physical signature.